# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വട്ടംകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM10/2163/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വട്ടംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM10/2163/2021 തീയ്യതി: 02/02/2022

## മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2021 | 26-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2021 | 26-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി.,ഓഡിറ്റ് ഓഫീസർ

ശ്രീ.മൂസ്സ ഇ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഷജീർ.കെ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സുജിത.പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ബാബു രാജ് പി.വി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജയകൃഷ്ണൻ .എസ് | അസി.സെക്രട്ടറി | 01-04-2019 | 13-12-2019 |
| ഒഴിവ് | അസി.സെക്രട്ടറി | 14-12-2019 | 15-12-2019 |
| ശ്രീമതി.മീനകുമാരി എൽ.ജി | അസി.സെക്രട്ടറി | 16-12-2019 | 31-03-2020 |
| ശ്രീ.അജേഷ് .സി.പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.വി.കെ.പി. മോഹൻകുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദുമോൾ വി.കെ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീ.സന്തോഷ് കുമാർ എം.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ.റാണി കോമളം സി.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-10-2019 |
| ഡോ.സനൽ പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-11-2019 | 31-01-2020 |
| ഡോ.റാണി കോമളം സി.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-02-2020 | 31-03-2020 |
| ഡോ.നീമ വേണു ഗോപാൽ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി | 01-04-2019 | 30-06-2019 |
| ഡോ.അമീന ഒ.കെ | മെഡിക്കൽ | 01-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ(പി.എച്ച്.സി | | |
| ശ്രീ.വിനയൻ എം.വി | കൃഷി ഓഫീസർ | 21-09-2019 | 22-11-2019 |
| ശ്രീ.ഷാജിദ് എം | കൃഷി ഓഫീസർ | 23-11-2019 | 31-03-2020 |
| ശ്രീമതി.കൃഷ്ണജ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 12-02-2020 |
| ശ്രീമതി.നീന കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-02-2020 | 31-03-2020 |
| ശ്രീമതി നെഷ്വ.സി.പി. | കൃഷി ഓഫീസർ | 01-04-2019 | 20-09-2019 |
| ശ്രീമതി.രാധിക | ഡയറിഫാം ഇൻസ്പെക്ടർ | 01-04-2019 | 26-08-2019 |
| ശ്രീ.മുഹമ്മദ് നസീം | ഡയറിഫാം ഇൻസ്പെക്ടർ | 27-08-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Sujitha.P.K (Auditor, On 24-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Sujitha.P.K (Auditor, On 24-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Sujitha.P.K (Auditor, On 27-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Sujitha.P.K (Auditor, On 27-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 24-11-2021)<br>Last Updated By: Sujitha.P.K (Auditor, On 02-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 24-11-2021)<br>Last Updated By: Sujitha.P.K (Auditor, On 27-11-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 24-11-2021)<br>Last Updated By: Sujitha.P.K (Auditor, On 27-11-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-11 |
| 12 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-12 |
| 13 | പാലിന് സബ്സിഡി -അപാകത<br>Written By: Sujitha.P.K (Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-13 |
| 14 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-14 |
| 15 | PHC കെട്ടിടത്തിന് ചുറ്റുമതിൽ - കരാറുകാരന് അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-15 |

| | | |
|---|---|---|
| 16 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 15657രൂപ തിരിച്ചടവാക്കി.<br>Written By: E.Moosa (Asst. Audit Officer, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-16 |
| 17 | മരുന്നുകൾ ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-17 |
| 18 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-18 |
| 19 | R-URBAN പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഇല്ല.<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-19 |
| 20 | SSA വിഹിതം നൽകിയത് സംബന്ധിച്ച്<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-20 |
| 21 | വെള്ളറമ്പ് കുടിവെള്ള പദ്ധതി- മോട്ടാർ റിപ്പയറിംഗിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Rishil.P (Audit Officer, On 30-11-2021) | 1-21 |
| 22 | പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക നൽകി -പ്രവൃത്തി പൂർത്തിയായിട്ടില്ല<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-22 |
| 23 | ലൈബ്രറി സെസ്സ് യഥാസമയങ്ങളിൽ അടവാക്കുന്നില്ല<br>Written By: Rishil.P (Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-23 |
| 24 | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>Written By: Rishil.P (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-24 |
| 25 | ലൈഫ് മിഷൻ ഭവന നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 30-11-2021)<br>Last Updated By: Rishil.P (Audit Officer, On 30-11-2021) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | PHC കെട്ടിടത്തിന് ചുറ്റുമതിൽ - കരാറുകാരന് അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 3-1 |
| 2 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 3-2 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Sujitha.P.K (Auditor, On 23-11-2021) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Sujitha.P.K (Auditor, On 04-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Sujitha.P.K (Auditor, On 23-11-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Sujitha.P.K (Auditor, On 23-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Sujitha.P.K (Auditor, On 04-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Sujitha.P.K (Auditor, On 04-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujitha.P.K (Auditor, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്നന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 12.02.2019 ലെ 1(1) തീരുമാനം | പുതുക്കിയിട്ടില്ല |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 09.05.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 41877971 |
| വരവ് | 151918389 |
| ആകെ | 193796360 |
| ചെലവ് | 151231080 |
| നീക്കിയിരിപ്പ് | 42565280 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10938790 | 10938790 | 10938790 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12029647 | 12029647 | 9785713 | 2243934 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 23098000 | 23098000 | 9004438 | 14093562 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4022000 | 4022000 | 3204984 | 817016 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10298539 | 10298539 | 3584660 | 6713879 |
| ബി ഫണ്ട് | 0 | 24975760 | 24975760 | 24975760 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 243 | 176777416 | 225 | 87307150 | 16 | 2 | 92.59% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 37971 | 948122 | 986093 | 970530 | 15563 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18300905 | 18300905 | 18300905 | 0 |
| ആകെ | 37971 | 19249027 | 19286998 | 19271435 | 15563 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 59160 | 72 |
| കർഷകതൊഴിലാളി പെൻഷൻ | 1510800 | 249 |
| വിധവാപെൻഷൻ | 7432800 | 1145 |
| വാർദ്ധക്യകാലപെൻഷൻ | 14812800 | 2542 |
| വികലാംഗപെൻഷൻ | 2330100 | 404 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 577200 | 80 |

## 1-8 ക്യാഷ് പരിശോധന

94-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 120272/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണത്തിന് വേണ്ടിയും ലൈഫ് ഭവന പദ്ധതിക്ക് വേണ്ടിയും KURDFC യിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെങ്കിലും ലൈഫ് ഭവന പദ്ധതിക്ക് വേണ്ടിയെടുത്ത വായ്പയുടെ വിവരങ്ങൾ ലോൺ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. തെരുവ് വിളക്ക് രജിസ്റ്ററിൽ വാങ്ങുന്ന തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നില്ല (വാറന്റി കാലയളവ് ,ഇൻവോയ്സ്

നം., കരാർ തുടങ്ങിയ). ലൈബ്രറി സെസ്സ് യഥാ സമയങ്ങളിൽ അടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാകാനുണ്ട്. കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് തനത് ഫണ്ട് ഉപയോഗിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ട് പോകുന്നുണ്ടെങ്കിലും മെറ്റീരിയൽ കളക്ഷൻ സെന്ററിൽ പ്ലാസ്റ്റിക വേസ്റ്റുകൾ ഇനിയും കൊണ്ടുപോകാൻ അവശേഷിക്കുന്നുണ്ട്. ഹരിത കർമ്മ സേനയെ സഹായിക്കുന്നതിന് ഹരിത സഹായ സ്ഥാപനം ആയി IRTC യെ കൺസൾട്ടന്റ് ഫീസ് നൽകി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഇവരുടെ പ്രവർത്തനം തൃപ്തികരമാണെന്ന കാണുന്നു.

ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണം പദ്ധതി കരാർ വച്ച് 5 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പ്രവൃത്തിയുടെ ഓരോ ഘട്ടങ്ങളിലും നിർമ്മാണ പുരോഗതി ഗ്രാമ പഞ്ചായത്ത് വിലയിരുത്തുന്നില്ല. അക്രഡിറ്റഡ് എജൻസികൾ വഴി ചെയ്യുന്ന പ്രവൃത്തികൾ ആവശ്യമെങ്കിൽ ത.സ്വ.സ്ഥാപനത്തിന്റെ എഞ്ചിനീയറെ ഉപയോഗിച്ച് മേൽ പരിശോധന നടത്താവുന്നതാണെങ്കിലും ഇത് വർഷങ്ങളായി ഉപയോഗപ്പെടുത്തിയില്ല. അതുകൊണ്ട് തന്നെ പ്രവൃത്തിയിൽ കാര്യമായ പുരോഗതിയില്ലാതായി. ദീർഘ വീക്ഷണമില്ലായ്മ കാരണവും സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തി നടത്തിയതിനാലും നിലവിൽ പ്രവൃത്തി നിശ്ചലാവസ്ഥയിലാണ്. നിർമ്മാണത്തിൽ ഉണ്ടായ കാലതാമസം ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കി എന്ന് മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾക്ക് മങ്ങൽ ഏൽപ്പിക്കുകയും ചെയ്തു (പ്രത്യേക ഖണ്ഡിക മുൻ വർഷത്തിൽ പരാമർശിച്ചിട്ടുണ്ട്.)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2021 | സപ്തംബർ 2021 | 26.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.05.2008 മുതൽ 24.05.2008 വരെ | 2007-08 | 04.07.2008 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2019-20 വാർഷിക കണക്കിലെ അപാകതകൾ

1.ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

രജിസ്റ്റർ-3613872

AFS (RP 1) -3670175

DCBസംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.ലോൺ രജിസ്റ്റർ അപൂർണ്ണമാണ്.ലൈഫ് ഭവന പദ്ധതിയുടെ ലോൺ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ ഷോപ്പിംഗ് കോംപ്ലക്സിനായി വായ്പയെടുത്ത വകയിൽ 2019-20 സാമ്പത്തിക വർഷത്തിൽ 3393422/- രൂപ അടവാക്കാനായി ബാക്കിയുണ്ട്.ആയതിന്റെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.Income &Expenditure Schedule I-14(d) യിൽ വികലാംഗ പെൻഷൻ 2330100 രൂപ ഉൾപ്പെട്ടിട്ടില്ല.

4.ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ TSC ഗ്രാന്റിനത്തിൽ 422383 /- രൂപ ബാലൻസ് ഉണ്ട്.എന്നാൽ B-17ഷെഡ്യൂളിലെ അക്കൗണ്ട് പ്രകാരം 318605/- രൂപയാണ് ബാലൻസ്.

5.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash Book-20366047
AFS (I-6) -19249027

6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഴയ ആസ്തികളുടെ വിവരങ്ങൾ പൂർണ്ണമല്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7.ലേല രജിസ്റ്റർ പൂർണ്ണമല്ല. വാർഷിക കണക്കിൽ Sale Of Scrap ( RP-5) എന്ന ശീർഷകത്തിൽ 31800/- രൂപയുടെ വരവുണ്ട്.Auction Deposit (B-7) എന്ന ശീർഷകത്തിൽ 2500/- രൂപയുടെ ബാലൻസുണ്ട്.ഇവ രജിസ്റ്ററിൽ

ഉൾപ്പെടുത്തിയിട്ടില്ല.

8.ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. വാർഷിക കണക്ക് RP-47 പ്രകാരം KSEB,PWD,KWA (Advance To Other Authorised Agencies) എന്നിവക്ക് വിവിധ പ്രവൃത്തികൾക്കായി 39581955/- രൂപ അനുവദിച്ചിട്ടുണ്ട്.അവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

9.തൻ വർഷത്തിൽ ആർജിച്ച സ്റ്റോക്ക്,സ്റ്റോർ എന്നിവയുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

10.വസ്തുനികുതി DCB സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11.വാടക രജിസ്റ്റർ കാലികമാക്കിയിട്ടില്ല.തൻ വർഷം വാടകയിനത്തിലുള്ള വരവ് (3500/-രൂപ) രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2019-20സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | വിക്ടറി ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്,എടപ്പാൾ | I&II |
| 2 | ബി .എൻ.എസ്.എസ് യു.പി സ്കൂൾ | I&II |
| 3 | ശ്രീ വിവേകാനന്ദ വിദ്യാനികേതൻ, വട്ടംകുളം | I&II |
| 4 | മലബാർ കോളേജ് ഓഫ് കോമേഴ്സ് & സയൻസ് | I&II |
| 5 | ഭാരതീയ വിദ്യാഭവൻ | I&II |
| 6 | എച്ച്.ഡി.എഫ്.സി. ബാങ്ക് | I&II |
| 7 | എസ്.ബി.ഐ (പട്ടാമ്പി റോഡ്),എടപ്പാൾ | I&II |
| 8 | ധനലക്ഷമി ബാങ്ക് | I&II |
| 9 | സുന്ദരം ഫിനാൻസ് ലിമിറ്റഡ് | II |
| 10 | പ്രീമിയർ ലബോറട്ടറി | I&II |
| 11 | ഉഷസ് ഇംഗ്ലീഷ് സ്കൂൾ | I&II |
| 12 | അക്കാദമി ഓഫ് അക്കൗണ്ടന്റ്സ് | I&II |
| 13 | നാഷണൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | I&II |
| 14 | അപരാജിത ഡൈനാമിക് സിനർജീസ് പ്രൈ. ലിമിറ്റഡ് | I&II |
| 15 | മോഡേൺ എച്ച്.എസ്.എസ്. പോട്ടൂർ | I&II |

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|

| | | |
|---|---|---|
| 1 | അക്കാദമി ഓഫ് അക്കൗണ്ടന്റ്സ് | II |
| 2 | നാഷണൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | II |
| 3 | അപരാജിത ഡൈനാമിക് സിനർജീസ് പ്രൈ. ലിമിറ്റഡ് | II |
| 4 | സുന്ദരം ഫിനാൻസ് ലിമിറ്റഡ് | I&II |
| 5 | എച്ച്.ഡി.എഫ്.സി. ബാങ്ക് | II |
| 6 | റെയ്ഡ്കോ | II |
| 7 | ബിവറേജസ് കോർപ്പറേഷൻ,കുറ്റിപ്പാല | II |
| 8 | ഉഷസ് ഇംഗ്ലീഷ് സ്കൂൾ | II |
| 9 | മോഡേൺ എച്ച്.എസ്.എസ്. പോട്ടൂർ | II |

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (എൻക്വയറി നം.14/25.11.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 പാലിന് സബ്സിഡി -അപാകത

നിർവഹണ ഉദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ടിന്റെ പേര്-പാലിന് സബ്സിഡി

പ്രൊജക്ട് നം-55/19-20

അടങ്കൽ-450000(വികസന ഫണ്ട്-ജനറൽ-125000,ബ്ലോക്ക് പഞ്ചായത്ത്-175000,ജില്ല പഞ്ചായത്ത്-150000 )

ചെലവ്-293231(വികസന ഫണ്ട്-ജനറൽ-118231,ബ്ലോക്ക് പഞ്ചായത്ത്-175000,ജില്ല പഞ്ചായത്ത്-0)

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ഒരു ലിറ്ററിന് നിശ്ചിത തുക കണക്കാക്കി(ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പടെ പരമാവധി 4 രൂപ) അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ് പാലിന് സബ്സിഡി നൽകൽ എന്ന പ്രൊജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഇവിടെ കർഷകർക്ക് ഒരു ലിറ്റർ പാലിന് നിശ്ചിത തുക കണക്കാക്കാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കർഷകന്റെ പേര് | പാലളവ്(ലി.) | അനുവദിച്ച സബ്സിഡി | സബ്സിഡി/ലിറ്റർ |
|---|---|---|---|
| കൃഷ്ണൻ | 149 | 595/- | 3.99 |
| കുഞ്ഞുണ്ണി | 379 | 1367 | 3.61 |
| അയിഷ | 1865 | 6557 | 3.52 |

| | | | |
|---|---|---|---|
| ദേവകി | 530 | 1124 | 2.12 |
| രാജൻ | 871 | 1776 | 2.03 |

അനുവദനീയമായ സബ്സിഡി വിതരണം ചെയ്യുന്നതിൽ ചൂണ്ടിക്കാണിച്ച അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ അംഗൻവാടി കെട്ടിടങ്ങളുടെ നവീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിന് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി സ്റ്റീൽ വർക്ക് ചെയ്തതിന് ട്രസ്സ് വർക്കിന് ബാധകമായ 50.10.1 പ്രകാരമുള്ള 137.46/Kg, 10.16.1 പ്രകാരമുള്ള 123.1/Kg എന്നീ നിരക്കുകളാണ് നൽകിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി സിംഗിൾ സെക്ഷൻ ആണ്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| വിവിധ അംഗൻവാടി കെട്ടിടങ്ങളുടെ നവീകരണം (231/20)<br>ബിൽ 24/15.7.2019 തുക 190913<br>ബിൽ 25/15.7.2019 തുക 31021 | ഇനം 10<br>267.99Kg | 33928<br>@126.60/Kg<br>(7.9% ടെണ്ടർ കുറവിന് ശേഷം<br>അടിസ്ഥാന നിരക്ക് @137.46/Kg) | 27627<br>@103.09/Kg<br>(7.9% ടെണ്ടർ കുറവിന് ശേഷം<br>അടിസ്ഥാന നിരക്ക് @111.93/Kg) | 6301 |
| കരാർ 85/19.12.2018 (7.9% കുറവ്)<br>അളവ് പുസ്തകം 94/2018-19<br>കോൺട്രാക്ടർ ശ്രീ ടി.വി ഷാജേഷ്<br>കോസ്റ്റ് ഇൻഡക്സ് 37.25% | എക്സ്ട്രാ ഇനം 1<br>843.58Kg | 94692<br>@112.25/Kg<br>(8.81%ടെണ്ടർ കുറവിന് ശേഷം<br>അടിസ്ഥാന നിരക്ക് @123.1/Kg) | 86104<br>@102.07/Kg<br>(8.81%ടെണ്ടർ കുറവിന് ശേഷം<br>അടിസ്ഥാന നിരക്ക് @111.93/Kg) | 8588 |
| | | | | 14889 |

ഓഡിറ്റ് എൻക്വയറി 6 /19-20/17.11.2021 നൽകിയതിന് - അധിക തുക തിരിച്ചടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

അധികം നൽകിയ തുക തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-15 PHC കെട്ടിടത്തിന് ചുറ്റുമതിൽ - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ PHC കെട്ടിടത്തിന് ചുറ്റുമതിൽ എന്ന പ്രവൃത്തിയുടെ ഇനം 1, 2 എന്നിവ പ്രകാരം മൺപണി, റൈൻഡ്രബ്ൾ മേസനറി എന്നിവ ചെയ്തതിലെ അളവുകൾ കൂട്ടിയതിലെ അപാകത കാരണം കരാറുകാരന് അധിക തുക ൽകാനിടയായിട്ടുണ്ട്. അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| PHC കെട്ടിടത്തിന് ചുറ്റുമതിൽ( 179/20 ) ബിൽ 12/9.5.2019 തുക 600000 തനത് ഫണ്ട് ചെക്ക് 13735/30.3.2019 തുക 12298 കരാർ 88/5.1.2019 അളവ് പുസ്തകം – 81/18-19 കോൺട്രാക്ടർ ശ്രീ .ബാബു.കെ | 1. മൺപണി | $35.587m^3$ (93.65*0.95*0.4=35.587) | 8124 @213.16/$m^3$ ($38.11m^3$ ന് തുക നൽകി ) | 7586 @213.16/$m^3$ ($35.587m^3$) | 538 |
| | 2.ഡ്രൈറബ്ൾ മേസനറി | $33.678m^3$ അധികം നൽകിയത് 93.55*0.90*0.4= $33.678m^3$) | 90016 @2458.79/$m^3$ ($36.61m^3$ ന് തുക നൽകി ) | 82807 @2458.79/$m^3$ ($33.678m^3$ ) | 7209 |
| അധികം | | | | | 7747 |

ഓഡിറ്റ് എൻക്വയറി 2 /19-20/17.11.2021 നൽകിയതിന് - അധിക തുക തിരിച്ചടവാക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തിരിച്ചടവാക്കുന്ന മുറക്ക് ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

## 1-16 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 15657രൂപ തിരിച്ചടവാക്കി.

1.യഥാസമയം കരാർ ഒപ്പ് വെക്കാത്തവരിൽ നിന്ന് പിഴ ഈടാക്കിയില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 5123/-രൂപ തിരിച്ചടവാക്കി

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് നോട്ടീസ് ( സെലക്ഷൻ നോട്ടീസ്) കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ ഒപ്പ് വെക്കണമെന്നും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി -മിനിമം 1000 പരമാവധി 25000 -കരാർ വെക്കാം എന്നും കേരള പൊതു മരാമത്ത് മാന്വൽ ഖ. 2009-6 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയ്യതി നോട്ടീസ് കൈപറ്റിയ തീയ്യതിയായി കണക്കാക്കുന്നതാണ് എന്നും ഖണ്ഡികയിൽ ഉണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിശ്ചിത ദിവസത്തിനകം കരാർ വെച്ചിരുന്നില്ല.

പിഴ ഈടാക്കാതെ കരാർ വെച്ചതിന് ഓഡിറ്റ് എൻക്വയറി 1 /19-20/17.11.2021 നൽകിയതിനെ തുടർന്ന് പ്രസ്തുത തുകകൾ ഗ്രാമ പഞ്ചായത്തിൽ അടവാക്കുകയുണ്ടായി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സെലക്ഷൻ നോട്ടീസ് തീയ്യതി | കരാർ വെച്ച തീയ്യതി | പിഴ | രസീത് നമ്പർ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കോട്ടീരിക്കുളം റോഡ് കോൺക്രീറ്റ് (204/20)<br>ബിൽ 20/15.7.2019 തുക 170000<br>കരാർ 61/1.12.2018<br>കോൺട്രാക്ടർ ശ്രീ സുജേഷ്.എം | 29.10.2018<br>31.10.2018 | 1.12.2018 | 1700 | 121010107881/25.11.21 |
| കട്ടങ്ങാംകുന്ന് റോഡ് കോൺക്രീറ്റ് (199/20)<br>ബിൽ 21/15.7.2019 തുക 196698<br>കരാർ 64/1.12.2018<br>കോൺട്രാക്ടർ ശ്രീ ഇ.അരവിന്ദാക്ഷൻ | 29.10.2018<br>31.10.2018 | 1.12.2018 | 1967 | 121010107882/25.11.21 |
| ഹോമിയോ ഡിസ്പെൻസറി നവീകരണം ( 216/20 )<br>ബിൽ 22/15.7.2019 തുക 145614<br>കരാർ 67/1.12.2018<br>കോൺട്രാക്ടർ ശ്രീ റിജിൻ .എ. | 29.10.2018<br>31.10.2018 | 1.12.2018 | 1456 | 121010107954/25.11.21 |
| ആകെ | | | 5123 | |

2. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി-10534/-രൂപ തിരിച്ചടവാക്കി

ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിന് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി സ്റ്റീൽ വർക്ക് ചെയ്തതിന് ട്രസ്സ് വർക്കിന് ബാധകമായ 50.10.1 പ്രകാരമുള്ള 137.46/Kg നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി സിംഗിൾ സെക്ഷൻ ആണ്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. ഓഡിറ്റ് എൻക്വയറി 6/ 19-20/17.11.2021നൽകിയതിനെ തുടർന്ന് പ്രസ്തുത തുകകൾ ഗ്രാമ പഞ്ചായത്തിൽ അടവാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അധികം നൽകിയ തുക | രസീത് നമ്പർ |
|---|---|---|
| ഹോമിയോ ഡിസ്പെൻസറി നവീകരണം ( 216/20 )<br>ബിൽ 22/15.7.2019 തുക 145614<br>കരാർ 67/1.12.2018 (9.1% കുറവ്)<br>അളവ് പുസ്തകം 82/18-19<br>കോൺട്രാക്ടർ ശ്രീ റിജിൻ .എ. | 5620 | 121010107957/25.11.21 |
| ചോലക്കുന്ന് അംഗൻവാടി പുനരുദ്ധാരണം (198/20)<br>ബിൽ 23/15.7.2019 തുക 135571<br>കരാർ 98/2.3.2018 (9.1% കുറവ്)<br>അളവ് പുസ്തകം 120/2017-18<br>കോൺട്രാക്ടർ ശ്രീ റിജിൻ .എ.<br>കോസ്റ്റ് ഇൻഡക്സ് 37.25% | 4914 | 121010107955/25.11.21 |
| | 10534 | |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 മരുന്നുകൾ ലഭ്യമായില്ല

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (49/20) എന്ന പ്രൊജക്ട് പ്രകാരം മരുന്ന് വാങ്ങിക്കുന്നതിനായി 300000രൂപകേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ് - ന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ രസീത്, മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് 4/19-20/17.11.2021 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് – 3.3.2020 ന് KMCL ലേക്ക് തുക അടവാക്കിയിരുന്നുവെങ്കിലും ട്രഷറിയിൽ നിന്ന് UTR നമ്പർ ലഭിച്ചത് 2021 നവംബർ ആദ്യവാരം ആണെന്നും തുടർന്ന് മരുന്ന് ലഭ്യമാക്കുന്നതിന് KMCL ന് കത്ത് നൽകിയിട്ടുണ്ടെന്നും മരുന്ന് ലഭ്യമാവുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. തുക അടവാക്കിയ ശേഷം തുടർനടപടികൾ കൈകൊള്ളുന്നതിലും മോണിറ്റർ ചെയ്യുന്നതിലുമുണ്ടായ വീഴ്ച കാരണം 23 മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാവാത്ത സ്ഥിതിയുണ്ടായി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മരുന്നുകൾ മുഴുവൻ ലഭ്യമായതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെക്ക് നമ്പർ | തുക |
|---|---|---|
| ആശുപത്രയിലേക്ക് മരുന്ന് വാങ്ങൽ (49/20) | 5139350/6.3.2020 | 300000 |

## 1-18 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 155പദ്ധതികൾ തയ്യാറാക്കിയതിൽ 78 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. 42 പദ്ധതികളുടെ ബില്ലുകൾ സമർപ്പിച്ചിരുന്നു എങ്കിലും ആയത് ട്രഷറി ക്യൂവിൽ ആയതിനാൽ തൻവർഷം ചെലവ് വന്നിട്ടില്ല. 48പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 5പദ്ധതികൾ ഈ വർഷം നടപ്പിലാക്കുകയുണ്ടായില്ല. സ്പിൽ ഓവർ പദ്ധതികൾ അതാത് വർഷം പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കാൻ ഗ്രാമ

പഞ്ചായത്തിനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 155 | ആകെ അടങ്കൽ | 56456291 |
| തൻ വർഷം ചെലവുള്ളത് | 78 | ചെലവ് | 17547230 |
| ശതമാനം | 50.32% | ചെലവ് ശതമാനം | 31.08% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്റ്റുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ പ്രൊജക്റ്റുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്റ്റുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്റ്റിനൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്റ്റുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്റ്റുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ

പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിലും ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV. രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ്

1. കാഷ് ബുക്കിൽ ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവ രേഖപ്പെടുത്തുന്നില്ല. പണമിടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2.ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ മുഴവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തത് കാരണം കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാവുന്നില്ല.

തദ്ധേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

V. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല .

2019-20 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾപെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളെല്ലാം അന്യാധീനപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 R-URBAN പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഇല്ല.

വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന R-URBAN (കേന്ദ്ര ഫണ്ട്) പദ്ധതികളായ ബ്യൂട്ടിഫിക്കേഷൻ പ്രവർത്തികൾക്ക് വേണ്ടി 3,95,81,955 രൂപ PWD, KSEB,KWA എന്നീ സ്ഥാപനങ്ങളിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രവൃത്തി | തുക | ചെക്ക്/ഡി.ഡി /വൗച്ചർ | റിമാർക്സ് |
|---|---|---|---|
| വട്ടംകുളം ടൗൺ-പാലക്കാട്-പൊന്നാനി റോഡ് | 80,00,000 | 001720/30.7.19 | Exe.Engineer, PWD,എടപ്പാൾ |
| ചേകന്നൂർ ടൗൺ-കാലടി-ആനക്കര റോഡ് | 10,00,000 | | Exe.Engineer,PWDഎടപ്പാൾ |
| സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 65,91,973 | 026642 /3.4.19 | KSEB,എടപ്പാൾ |
| മരുളൂർ കായൽ മുതൽ ചേകന്നൂർ പാടം വരെ ജലവിതരണ പദ്ധതി. | 1,55,00,000 | 000007/28.9.19 | Exe.Engineer MI Division (KWA) Malappuram |
| ആനക്കര കുമാരനെല്ലൂർ റോഡ് ഡ്രൈനേജ് | 10,00,000 | 000008/21.11.19 | Exe.Engineer ,PWD (RD),Palakkad |
| സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ-കണ്ടനകം | 29,75,960 | 219/29.6.19 (Voucher) (RTGS) | Exe.Engineer KSEB,കണ്ടനകം |
| സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ-എടപ്പാൾ | 38,35,805 | 220/29.6.19 (Voucher) (RTGS) | Exe.Engineer KSEB,എടപ്പാൾ |
| സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ-പടിഞ്ഞാറങ്ങാടി | 2,21,675 | 221/29.6.19 (Voucher) (RTGS) | Exe.Engineer KSEB,പടിഞ്ഞാറങ്ങാടി |
| സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ-കുമ്പിടി | 4,56,542 | 222/29.6.19 (Voucher) (RTGS) | Exe.Engineer KSEB,കുമ്പിടി |
| ആകെ | 3,95,81,955 | | |

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 12 /24.11.21) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു. (പ്രത്യേക ഫണ്ട് ആയതിനാൽ പ്രോജക്ട് പ്രകാരമല്ല തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്). പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 SSA വിഹിതം നൽകിയത് സംബന്ധിച്ച്

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്റ്റ് - SO028/20

ഫണ്ട് - പ്ലാൻ (G)

തുക – 11,00,000

ബിൽ നമ്പർ - 75/7.8.19 – 2,40,000

95/16.9.19 -7,27,800

98/17.9.19 – 1,32,200

2019-20 സാമ്പത്തിക വർഷത്തിൽ 11,00,000 രൂപ SSA വിഹിതമിനത്തിൽ ജില്ലാ പ്രോജക്റ്റ് ഓഫീസർ മലപ്പുറത്തിന് നൽകിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സർവ്വ ശിക്ഷാ അഭിയാനിന്റെ മൊത്തം പദ്ധതി തുകയിൽ 60% തുക കേന്ദ്ര വിഹിതവും 40% തുക സംസ്ഥാന വിഹിതവുമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലക്ക് വേണ്ടിയുള്ള സംസ്ഥാന വിഹിതം ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ശേഖരിക്കുന്നതിനാണ് സർക്കാർ നിർദേശം. ഇതിന്റെ ഭാഗമായി തൻവർഷത്തിൽ 13,70,000 രൂപ മേൽ ബില്ലുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതിന് വിനിയോഗ സാക്ഷ്യപത്രമായി ഗ്രാമ പഞ്ചായത്തുകളിലെ സ്കൂളുകളിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് 38,37,100 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് കാണിച്ചുകൊണ്ടുള്ള പത്രികയാണ് സമർപ്പിച്ചിട്ടുള്ളത്. ഈ പത്രികയിൽ ആസ്തികൾ ഉൾപ്പെടെ 23 ഇനങ്ങൾക്ക് വേണ്ടി ചെലവുകൾ കാണിച്ചിട്ടുണ്ട്. ഇതിൽ ലൈബ്രറിക്ക് വേണ്ടിയുള്ള ചെലവുകളും സോളാർ സ്ഥാപിച്ചതായ ചെലവുകളും ഉൾപ്പെടുന്നു. ഗ്രാമ പഞ്ചായത്തിന്റെ 2019-20 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം സ്കൂളുകളിൽ ലൈബ്രറി സൗകര്യങ്ങളും സോളാർ സ്ഥാപിച്ചതിന്റെ വിവരങ്ങളും ഉൾപ്പെട്ടുകാണുന്നില്ല. SSA യുടെ വിനിയോഗ സാക്ഷ്യപത്രത്തിലെ വിവരങ്ങൾ ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് ചെയ്യാറുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 16 /25.11.21) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്. SSA യുടെ വിനിയോഗ സാക്ഷ്യപത്രത്തിലെ വിവരങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടുമായി പൊരുത്തപ്പെടാത്തതിനാൽ വിദ്യാഭ്യാസമേഖലയുടെ വികസനത്തിന് വേണ്ടി അനുവദിക്കുന്ന തുകകൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിൻമേൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-21 വെള്ളറമ്പ് കുടിവെള്ള പദ്ധതി- മോട്ടാർ റിപ്പയറിംഗിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ട്- തനത് ഫണ്ട്

ചെക്ക് നമ്പർ - 014753/3.1.20

തുക - 9900

വെള്ളറമ്പ് കുടിവെള്ള പദ്ധതിയുടെ മോട്ടാർ റിപ്പയറിംഗ് ചെയ്തതിന് മേൽ ചെക്ക് പ്രകാരം 9900 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുള്ളതാണ്. ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണികൾ ഗുണഭോക്തൃസമിതിയാണ് ചെയ്യേണ്ടത് എന്നിരിക്കെ ക്രമപ്രകാരമല്ലാത്ത ഈ ചെലവിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 10/24.11.21) മറുപടിയായി ഗുണഭോക്താക്കളുടെ സാമ്പത്തിക സ്ഥിതി ദയനീയമായതിനാലാണ് പ്രവൃത്തിക്ക് വേണ്ടി ഗ്രാമ പഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ മേൽ കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപണികൾ ചെയ്യാനുള്ള സാമ്പത്തിക സ്ഥിതി ഇല്ലെന്ന് കാണിച്ചുകൊണ്ടുള്ള ഗുണഭോക്തൃസമിതിയുടെ കത്ത് ഫയലിൽ ഇല്ല. ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണികൾ ഗുണഭോക്തൃസമിതിയാണ് ചെയ്യേണ്ടത്. ഇതിന് വേണ്ടിയാണ് കുടിവെള്ള പദ്ധതികൾ കരാർ വച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നത്. ഇത്തരം അനാവശ്യ ചെലവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധക്കേണ്ടതാണ്.

## 1-22 പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക നൽകി -പ്രവൃത്തി പൂർത്തിയായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്റ്റ് - S0043/20

ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ

തുക- 3,50,000

ബിൽ - 280/30.1.20

കരാർ - 15/27.1.20

വട്ടംകുളം പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റിക്ക് 3,50,000 രൂപ മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ല. ടി പ്രവൃത്തി 12 മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് കരാറിൽ വ്യവസ്ഥ

ചെയ്തിട്ടുണ്ട്. 27.1.20 ന് കരാർ വച്ച പ്രവൃത്തി കരാർ പ്രകാരമുള്ള സമയത്തിനകം പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് അയച്ചിട്ടുണ്ട്.(12553/21 തി.26.10.21). ഇതിന് മറുപടിയായി പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപിച്ചിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് പൈപ്പ് സപ്ളൈ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ കമ്പനികൾ (M/s Ammen Polimer Pvt.Ltd,Coimbathur,M/s Green Tender,Coimbathur,M/s Green Tender,Calicut) PVC പൈപ്പുകളുടെ വില ക്രമാതീതമായി വർദ്ധിച്ചതിനാൽ നിർദിഷ്ട കാലാവധിക്കുള്ളിൽ പൈപ്പ് സപ്ളൈ ചെയ്തിട്ടില്ലാത്തതിനാലാണ് പ്രവൃത്തി നടപ്പാക്കാൻ കഴിയാത്തത് എന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്ക് വച്ച് നിലവിൽ പ്രവൃത്തി ചെയ്യാൻ കഴിയില്ലെന്നും അറിയിച്ചിട്ടുണ്ട് (DB 5/1437/2020/VTKM തി. 27.10.21 വാട്ടർ അതോറിറ്റിയുടെ കത്ത് ). പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട് തുടർ നടപടി വിവരം അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 11 /24.11.21) മറുപടിയായി തുടർനടപടി സ്വീകരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നൽകി. വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു. പ്രവൃത്തി പൂർത്തീകരണത്തിന് സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-23 ലൈബ്രറി സെസ്സ് യഥാസമയങ്ങളിൽ അടവാക്കുന്നില്ല

2019-20 സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ്സ് ഇനത്തിൽ ലൈബ്രറി കൗൺസിലിലേക്ക് 9,56,719 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ 1.4.17 മുതൽ 31.3.19 വരെയുള്ള കാലയളവിൽ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ച തുകയാണ് അടവാക്കിയിട്ടുള്ളത്.

| തുക | ചെക്ക് നമ്പർ |
|---|---|
| 5,00,000 | 2672599/7.6.19 |
| 4,56,719 | 5139301/13.6.19 |

ലൈബ്രറി സെസ്സ് യഥാസമയങ്ങളിൽ അടവാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 15 /25.11.21)മറുപടി ലഭ്യമാക്കിയില്ല. ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ച തുക ഓരോ അർദ്ധ വർഷവും കഴിഞ്ഞ് 30 ദിവസത്തിനകം ലൈബ്രറി കൗൺസിലേക്ക് അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ് (സർക്കുലർ നമ്പർ 17263/L3/ത.സ്വ.വ.ഭ തി.29.12.2000).

## 1-24 രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

1. തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ലേല രജിസ്റ്റർ പരിപാലിക്കുന്നില്ല

3. ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

5. ഗ്രാമ പഞ്ചായത്തിൽ വിവിധ തരം ഓഡിറ്റുകൾ നടക്കുന്നുണ്ടെങ്കിലും ഓഡിറ്റ് തടസ്സങ്ങളും തീർപ്പാക്കിയ വിവരങ്ങളും കാണിച്ചു കൊണ്ടുള്ള ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

6. ലോൺ രജിസ്റ്ററിൽ ലൈഫ് പദ്ധതിക്ക് വേണ്ടി വായ്പ എടുത്തതിന്റെയും അടവു വിവരങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല.

7.വൈദ്യുതി ചാർജ് രജിസ്റ്റർ,വാട്ടർ ചാർജ് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല.

8. വർക്കിംഗ് ഗ്രൂപ്പ് രജിസ്റ്ററുകൾ ബന്ധപ്പെട്ട കൺവീനർ ക്ലോസ്സ് ചെയ്യുന്നില്ല.

9.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കറന്റ് നമ്പർ എഴുതുമ്പോൾ തിയതി രേഖപ്പെടുത്തുന്നില്ല.

മേൽ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-25 ലൈഫ് മിഷൻ ഭവന നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ "ലൈഫ് മിഷൻ ഭവന നിർമ്മാണം-പട്ടിക ജാതി" എന്ന പദ്ധതിയുടെ ഭാഗമായി (36/2019-20) 3 ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ:

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | ബിൽ നം/തിയ്യതി |
|---|---|---|---|
| 1 | രമണി കെ.ടി. | 300,000 | 25/12.2.20,<br>19/12.11.2020,<br>34/10.3.2021 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് വി.ഇ.ഒ.ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/25.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 PHC കെട്ടിടത്തിന് ചുറ്റുമതിൽ - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ PHC കെട്ടിടത്തിന് ചുറ്റുമതിൽ എന്ന പ്രവ്യത്തിയുടെ ഇനം 1, 2 എന്നിവ പ്രകാരം മൺപണി, ഡ്രൈറബ്ൾ മേസനറി എന്നിവ ചെയ്തതിലെ അളവുകൾ കൂട്ടിയതിലെ അപാകത കാരണം കരാറുകാരന് അധിക തുക ൽകാനിടയായിട്ടുണ്ട്. അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| PHC കെട്ടിടത്തിന് ചുറ്റുമതിൽ( 179/20 )<br>ബിൽ 12/9.5.2019 തുക 600000<br>തനത് ഫണ്ട് ചെക്ക് 13735/30.3.2019 തുക 12298<br>കരാർ 88/5.1.2019<br>അളവ് പുസ്തകം -81/18-19<br>കോൺട്രാക്ടർ ശ്രീ .ബാബു.കെ | 1. മൺപണി | $35.587m^3$<br>(93.65*0.95*0.4=35.587) | 8124<br>@213.16/$m^3$<br>($38.11m^3$ ന് തുക നൽകി ) | 7586<br>@213.16/$m^3$<br>($35.587m^3$) | 538 |
| | 2.ഡ്രൈറബ്ൾ മേസനറി | $33.678m^3$<br>93.55*0.90*0.4=<br>$33.678m^3$) | 90016<br>@2458.79/$m^3$<br>($36.61m^3$ ന് തുക നൽകി ) | 82807<br>@2458.79/$m^3$<br>($33.678m^3$ ) | 7209 |

| | |
|---|---|
| അധികം | 7747 |

ഓഡിറ്റ് എൻക്വയറി 2 /19-20/17.11.2021 നൽകിയതിന് - അധിക തുക തിരിച്ചടവാക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തിരിച്ചടവാക്കുന്ന മുറക്ക് ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

അധികം നൽകിയ തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ അംഗൻവാടി കെട്ടിടങ്ങളുടെ നവീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിന് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി സ്റ്റീൽ വർക്ക് ചെയ്തതിന് ട്രസ്സ് വർക്കിന് ബാധകമായ 50.10.1 പ്രകാരമുള്ള 137.46/Kg, 10.16.1 പ്രകാരമുള്ള 123.1/kg എന്നീ നിരക്കുകളാണ് നൽകിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി സിംഗിൾ സെക്ഷൻ ആണ്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| വിവിധ അംഗൻവാടി കെട്ടിടങ്ങളുടെ നവീകരണം (231/20)<br>ബിൽ 24/15.7.2019 തുക 190913<br>ബിൽ 25/15.7.2019 തുക 31021 | ഇനം 10<br>267.99Kg | 33928<br>@126.60/Kg<br>(7.9% ടെണ്ടർ കുറവിന് ശേഷം അടിസ്ഥാന നിരക്ക് @137.46/Kg) | 27627<br>@103.09/Kg<br>(7.9% ടെണ്ടർ കുറവിന് ശേഷം അടിസ്ഥാന നിരക്ക് @111.93/Kg) | 6301 |
| കരാർ 85/19.12.2018 (7.9% കുറവ്)<br>അളവ് പുസ്തകം 94/2018-19<br>കോൺട്രാക്ടർ ശ്രീ ടി.വി ഷാജേഷ്<br>കോസ്റ്റ് ഇൻഡക്സ് 37.25% | എക്സ്ട്രാ ഇനം 1<br>843.58Kg | 94692<br>@112.25/Kg<br>(8.81%ടെണ്ടർ കുറവിന് ശേഷം അടിസ്ഥാന നിരക്ക് @123.1/Kg) | 86104<br>@102.07/Kg<br>(8.81%ടെണ്ടർ കുറവിന് ശേഷം അടിസ്ഥാന നിരക്ക് @111.93/Kg) | 8588 |
| | | | | 14889 |

ഓഡിറ്റ് എൻക്വയറി 6 /19-20/17.11.2021 നൽകിയതിന് - അധിക തുക തിരിച്ചടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

അധികം നൽകിയ തുക തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2019-20 | 19.11.2021 മുതൽ 20.11.2021 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1020000 | 9/19-20-സമഗ്ര നെൽകൃഷി വികസന പദ്ധതി | 1020000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2810000 | 35/19-20-ലൈഫ് ഭവന പദ്ധതി(ജനറൽ) | 2810000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 951695 | 36/19-20-ലൈഫ് ഭവന പദ്ധതിം(എസ്.സി) | 941695 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 175000 | 55/19-20-പാലിന് സബ്സിഡി | 175000 | 0 |
| ജില്ലാ പഞ്ചായത്ത് | 342000 | 24/19-20-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 342000 | 0 |
| ആകെ | 5298695 | | 5298695 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി | ആർ. അർബൻ വർക്ക് | പ്രൊജക്ട് 000008/21.11.19, 001720/30-7-19 | 10000000 | | പൂർത്തീകരിച്ചിട്ടില്ല | 10000000 |
| മൈനർ ഇറിഗേഷൻ | ആർ അർബൻ പ്രൊജക്ട് | 000007/28.9.19 | 15500000 | | പൂർത്തീകരിച്ചിട്ടില്ല | 15500000 |
| കെ.എസ്.ഇ.ബി | ആർ അർബൻ പ്രൊജക്ട് | 21900219,21900220,21900221, 21900222 തീ.29.06.2019 21900244 തീ.03.07.2019 | 14081955 | | പൂർത്തീകരിച്ചിട്ടില്ല | 14081955 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (KURDFC) | 772/17/LSGD | 11540000 | 9817859 | 1592555 | ---- | 19765304 |
| ഷോപ്പിംഗ് കോംപ്ലക്സ് | ലഭ്യമല്ല | 3667898 | 4374190 | - | - | 8042088 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1994-96,95-96 | 16 | 2000-01 | വിനോദ നികുതി പിരിച്ചതിൽ കുറവ്-55370 | നടപടി തുടരുന്നു |
| 1994-95,95-96 | 22 | 2000-01 | സോഡിയം വേപ്പർലാമ്പ് ചട്ടവിരുദ്ധമായ നിക്ഷേപം നഷ്ടം-10502 | നടപടി തുടരുന്നു |
| 2011-12,12-13 | 3-1 | 2014-15 | നിഷ്ക്രിയ ആസ്തികകൾ-അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2-1,2-2 | 2016-17 | 2-1 വസ്തു നികുതി<br>2-2 തൊഴിൽ നികുതി | നടപടി തുടരുന്നു |
| 2015-16 | 2-2 | 2016-17 | 2-2 തൊഴിൽ നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2005-06 | 2-2 | വാസു കൊല്ലത്തേരി | LF.8591/Spl.Cell /SC.D1/2012 Dated 25-02-15 | 8236 | തടസ്സം തുടരുന്നു. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 151918389 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 151231080 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22636 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 39931955 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 7747 | Rs 3874. ശ്രീ സന്തോഷ്കുമാർ എം.കെ അസിസ്റ്റന്റ് എഞ്ചിനീയർ,<br>Rs 3873. ശ്രീമതി അന്ന അനില വർഗീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-2 | | 14889 | Rs.7445. ശ്രീ സന്തോഷ്കുമാർ എം.കെ അസിസ്റ്റന്റ് എഞ്ചിനീയർ,<br>Rs.7444. ശ്രീമതി അന്ന അനില വർഗീസ്,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| | | 22636 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 39581955 | ശ്രീ.ബാബു രാജ് പി.വി ,സെക്രട്ടറി |
| 1-22 | 350000 | ശ്രീ.ബാബു രാജ് പി.വി ,സെക്രട്ടറി |
| | 39931955 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അന്ന അനില വർഗീസ്, അസിസ്റ്റന്റ് | ലഭ്യമല്ല | മുളമൂട്ടിൽ, വെൺമണി.പി.ഒ. |

| | | |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ചെങ്ങന്നൂർ സെന്റ് തോമസ് മാർത്തോമ ചർച്ചിന് സമീപം ആലപ്പുഴ |
| ശ്രീ സന്തോഷ് കുമാർ എം.കെ അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ,വട്ടംകുളം ഗ്രാമ പഞ്ചായത്ത് | മുണ്ടൻവേലി, കൊരട്ടി, 680308 |
| ശ്രീ.ബാബു രാജ് പി.വി , സെക്രട്ടറി | സെക്രട്ടറി എടപ്പാൾ ഗ്രാ.പ | കൃഷ്ണ നിവാസ് കാവിൽ പടി കാലടി (പി.ഒ) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്നന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | KSAMPM 10/2290/2019(1), 18.11.2020 | 03 |
| 1999-2000 | KSAMPM 10/229/2019(2), 02.12.2020 | 02 |
| 2002-03 | KSAMPM 10/229/2019(3), 03.12.2020 | 04 |
| 2005-06 | KSAMPM 10/229/2019(6), 03.12.2020 | 12 |
| 2006-07 | KSAMPM 10/2517/2019(1), 05.12.2020 | 02 |
| 2007-08 | KSAMPM 10/251/2019(2), 08.12.2020 | 14 |
| 2008-09 | KSAMPM 10/2517/2019(3), 04.12.2020 | 02 |
| 2009-10 | KSAMPM 10/2517/2019(4), 08.12.2020 | 10 |
| 2010-11 | LFM17/1727/13, 17.03.2014 | 20 |
| 2011-12, 2012-13 | LFM17/374/15,13.07.2015 | 20 |
| 2013-14, 2014-15 | KSAMPM 17/2100/2016, 20.7.17 | 18 |
| 2015-16 | KSAMPM 17/20/2017, 26.03.2018 | 22 |

| | | |
|---|---|---|
| 2016-17 | KSAMPM 10/127/2019, 03.03.2019 | 26 |
| 2017-18 | KSAMPM 10/418/2019, 12.7.2019 | 22 |
| 2018-19 | KSAMPM 10/ 2323/2019 ,11.10.2019 | 19 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്